നം. സി1/ജി3/1277/റ്റി സി/2006

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരള, തിരുവനന്തപുരം,
തിയ്യതി 30.12. 2011

പ്രേക്ഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും.
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - സേവനങ്ങൾക്ക് ശേഷം രേഖകൾ തിരികെ നൽകുന്നത് സംബന്ധിച്ച്.

സൂചന:- 07.12.2011 തീയതിയിലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നം. 23/2011.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരമുള്ള സർക്കുലർ 23/2011 നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് ചില സംശയങ്ങൾ പല ഭാഗത്തു നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിന്റെ ഭാഗമായി സൂചനപ്രകാരമുള്ള സർക്കുലറിന്റെ തുടർച്ചയായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി ഇതിനാൽ പുറപ്പെടുവിക്കുന്നു.

(1) രേഖകൾ അപേക്ഷകന് നേരിട്ട് നൽകുമ്പോൾ അപേക്ഷകനെ ബന്ധപ്പെട്ട ഓഫീസിലെ മിനിസ്റ്റീരിയൽ ഹെഡ് ഐഡന്റി ഫൈ ചെയ്യേണ്ടതും, രേഖകൾ ഡെസ് പാച്ച് ക്ലാർക്ക് വഴി വിതരണം ചെയ്യേണ്ടതുമാണ്.

(2) നേരിട്ട് നൽകുന്ന രേഖകൾ ഉച്ച കഴിഞ്ഞ് രണ്ടു മണി മുതൽ നാലു മണി വരെയാണ് വിതരണം ചെയ്യേണ്ടത്. ടി രേഖകൾ രണ്ടു മണി മുതൽ നാലു മണി വരെ വിതരണം ചെയ്യുന്നതാണ് എന്ന് സൂചിപ്പിക്കുന്ന ബോർഡ് എല്ലാ ഓഫീസുകളിലും പൊതുജനങ്ങൾക്ക് കാണുവാൻ കഴിയുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(3) ഡെസ്പാച്ച് ക്ലാർക്ക് വഴി വിതരണം ചെയ്യുന്ന രേഖകൾ ശരിയായ അപേക്ഷകന് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തുവാൻ ഓഫീസ് തലവൻ Random checking നടത്തി സർട്ടിഫൈ ചെയ്യേണ്ടതാണ്.

(4) ഓരോ ദിവസവും രേഖകൾ വിതരണം ചെയ്ത കഴിഞ്ഞതിനു ശേഷം ഡെസ് പാച്ച് ക്ലാർക്ക്, രജിസ്റ്റർ തിരികെ പി.ആർ.ഒ യെ ഏൽപ്പിക്കേണ്ടതും, പി.ആർ.ഒ സ്വന്തം ഉത്തരവാദിത്വത്തിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

(5) സർക്കുലർ 23/2011 നോടൊപ്പം നൽകിയിട്ടുള്ള രജിസ്റ്ററിന്റെ മാതൃക വ്യത്യാസപ്പെടുത്തി ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള രൂപത്തിൽ രജിസ്റ്ററാക്കി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)

അനുബന്ധം

# Format of Register

| Address of the applicant who receives the document | Registration Number of the vehicle/ Driving License Number | Details of Identity document verified | Thumb impression and mobile number/ Land phone number of the person who receives the documents | Signature of the person who receives the document | Signature of the issuing Officer |
|---|---|---|---|---|---|
| | | | | | |